## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *125

04-12-2015 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ നെല്ലിന്റെ താങ്ങുവില

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എം. ചന്ദ്രൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധന ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില കേരളത്തിലെ ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെല്ലിന്റെ ഉല്പാദന ചെലവ് വർദ്ധനക്ക് പരിഹാരമായിട്ടാണ് നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചു വരുന്നത്. നെല്ലിന്റെ താങ്ങുവില (MSP) പ്രഖ്യാപിക്കുന്നത് കേന്ദ്രസർക്കാരാണ്. കേന്ദ്രസർക്കാർ, നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 13.60 രൂപയായിരുന്നത് 2015 -16 ഒന്നാം സീസൺ മുതൽ കിലോയ്ക്ക് 14.10 രൂപയായി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രസർക്കാരിന്റെ താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വില നൽകി കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. പ്രസ്തുത വിലയ്ക്ക് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന |

സപ്ലൈകോയ്ക്ക് താങ്ങുവില(MSP) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നു. കേന്ദ്രസർക്കാരിന്റെ താങ്ങുവില (MSP) യും സംസ്ഥാന സർക്കാരിന്റെ സംഭരണ വിലയും തമ്മിലുള്ള വ്യത്യാസം, ഇൻസെന്റീവ് ബോണസായി, സംസ്ഥാന സർക്കാർ നൽകുന്നു. നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 19 രൂപ നിരക്കിൽ നൽകിയിരുന്നത് 7/11/2015 ലെ സ.ഉ.(എം.എസ്)നം 34/2015/ ഭ.സി.സ.വ. പ്രകാരം കിലോയ്ക്ക് 21.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട് .

| | | | |
|---|---|---|---|
| (ബി) | കർഷക സംഘടനകൾ താങ്ങുവിലയായി എന്തു തുക പ്രഖ്യാപിക്കാനാണ് ആവശ്യപ്പെട്ടത്; ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്രസർക്കാരാണ് നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത്, കർഷക സംഘടനകൾ പ്രഖ്യാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള താങ്ങുവിലയുടെ വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല. |
| (സി) | കർഷകർ ഉല്പാദിപ്പിച്ച നെല്ല് മുഴുവനും സ്വകാര്യ മില്ലുകാർ സംഭരിച്ചതിനുശേഷം ഏറെ വൈകിയാണ് താങ്ങുവിലയിൽ വർദ്ധനവ് പ്രഖ്യാപിക്കപ്പെട്ടത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കുമോ; | (സി) | താങ്ങുവിലയിലുള്ള വർദ്ധനവ് സംഭരണ സീസൺ ആരംഭിക്കുന്നതിനു മുൻപായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതു കൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയ്ക്ക് നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ